STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.542/PR/SPMC/PHQ/2026 Date:10.11.2026

പത്രക്കുറിപ്പ്

ഓപ്പറേഷൻ തൂഫാൻ:
15958 പേർ അറസ്റ്റിൽ
കേസുകളുടെ എണ്ണം 14776 ആയി

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതുവരെ 15958 പേരെ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം 53 കേസുകളിലായി 56 പേർ കൂടി അറസ്റ്റിലായതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 14776 ആയി. ഇതുവരെ 29701.399 ഗ്രാം എം.ഡി.എംഎയും 2012.206 കി.ഗ്രാം കഞ്ചാവും 780.619 ഗ്രാം ബ്രൗൺ ഷുഗറും പിടിച്ചെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വച്ചതിന് 20 കേസുകളും കൊമേഴ്ഷ്യൽ ക്വാണ്ടിറ്റി കൈവശം വെച്ചതിന് ഒരു കേസും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 32

കേസുകളും കോട്പ പ്രകാരം 22 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 172.911 ഗ്രാം എം.ഡി.എംഎയും 1.470 കി.ഗ്രാം കഞ്ചാവും 2.31 ഗ്രാം ബ്രൗൺ ഷുഗറും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുടനീളം കേരള പോലീസ് 33 ബോധവത്ക്കരണ ക്ലാസുകൾ നടത്തി. ഇതുവരെ നടത്തിയ ആകെ ബോധവത്ക്കരണ ക്ലാസ്സുകളുടെ എണ്ണം 12078 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 1131 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 8414 ബോധവത്ക്കരണ പരിപാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****